LIBRARY ARCHIVES Kerala Legislative Assembly

വെള്ളയിൽ ഫിഷ്‌ലാന്റിംഗ് സെന്റർ ഗ്രോയിൻ/പുലിമുട്ട് നിർമ്മാണം

98 [1784] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഒന്നാം നിയോജകമണ്ഡലത്തിൽപ്പെട്ട വെള്ളയിൽ ഫിഷ്‌ലാന്റിംഗ് സെന്റർ ഗ്രോയിൻ/പുലിമുട്ട് നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ ഫിഷറീസ് വകുപ്പ് സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനുവേണ്ടി ഇൻവെസ്റ്റിഗേഷൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കാൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ വ്യക്തമാക്കാമോ;

(സി) ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുവേണ്ടി ഏതെങ്കിലും ഫണ്ട് ഗവൺമെന്റ് അനുവദിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുമോ?

ഉത്തരം

(എ ആന്റ് ബി) 17-1-2003-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 38/2003/മതുവ-യിൽ ആവശ്യപ്പെട്ടതനുസരിച്ച് വെള്ളയിൽ ഫിഷ്‌ലാന്റിംഗ് സെന്റർ ഗ്രോയിൻ/പുലിമുട്ട് നിർമ്മിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ച 16 ലക്ഷം രൂപ മതിപ്പു ചെലവ് വരുന്ന ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലാണ്.

(സി ആന്റ് ഡി) ഫിഷിംഗ് ഹാർബറുകളുടെ ഇൻവെസ്റ്റിഗേഷനു വേണ്ടി 4405-00-104-83 എന്ന ശീർഷകത്തിൽ 2003-04 സാമ്പത്തിക വർഷം 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.